## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6515** **21.11.2019 -ൽ മറുപടിയ്ക്ക്**

### 2019-20 വർഷം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) 2019-20 വർഷം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) 2019-2020 അദ്ധ്യയനവർഷം സംസ്ഥാനത്തെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ LP/UP സ്കൂളുകളിലും 1 മുതൽ 4 വരെ മാത്രം പ്രവർത്തിക്കുന്ന എയ്ഡഡ് എൽ.പി. സ്കൂളുകളിലും കൈത്തറി യൂണിഫോം വിതരണം ഒന്നാംഘട്ടം മെയ്, ജൂൺ മാസങ്ങളിൽ പൂർത്തിയാക്കിയിട്ടുണ്ട്. 2019 -ൽ മേൽ സൂചിപ്പിച്ച സ്കൂളുകളിൽ അധികമായി അഡ്മിഷൻ എടുത്ത കുട്ടികൾക്കുള്ള യൂണിഫോം നിലവിൽ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. |
| ബി) ഏതൊക്കെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് തുണി നേരിട്ട് നൽകാൻ തീരുമാനിച്ചിരുന്നത്; വ്യക്തമാക്കാമോ; | ബി) 1 മുതൽ 4 വരെയും,1 മുതൽ 5 വരെയും ,1 മുതൽ 7 വരെയും , 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ LP/UP സ്കൂളുകളിലും 1 മുതൽ 4 വരെ മാത്രം പ്രവർത്തിക്കുന്ന എയ്ഡഡ് LP സ്കൂളുകളിലും കൈത്തറി യൂണിഫോം നേരിട്ട് നൽകുന്നു. |
| സി) ഏതൊക്കെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് യൂണിഫോമിനുള്ള പണം നൽകാൻ തീരുമാനിച്ചിരുന്നത്; അവർക്ക് പണം പൂർണ്ണമായും നൽകിയോ; വിശദാംശങ്ങൾ നൽകാമോ; | സി) കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിൽ (സർക്കാർ , എയ്ഡഡ്) 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും യൂണിഫോമിനുള്ള പണം നൽകി വരുന്നു.2019-2020 അദ്ധ്യയന വർഷത്തിൽ സൗജന്യ യൂണിഫോമിനായി ഒന്നാംഘട്ടം ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. ആകെ 3,55,799 കുട്ടികൾക്ക് 600 /- രൂപ ക്രമത്തിൽ ആവശ്യമായ 21,34,79,400/- രൂപ (ഇരുപത്തി ഒന്ന് കോടി മുപ്പത്തിനാല് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി നാന്നൂറ് രൂപ മാത്രം) ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ആവശ്യമായ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| ഡി) | അദ്ധ്യയനവർഷം പകുതി പിന്നിട്ടിട്ടും കൊണ്ടോട്ടി ഉപജില്ലയിലെ അയ്യായിരത്തിലധികം വിദ്യാർത്ഥികൾക്ക് ഇതുവരെ സ്കൂൾ യൂണിഫോം ലഭിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വിശദമാക്കാമോ? | ഡി) | കൊണ്ടോട്ടി ഉപജില്ലയിൽ 2019-2020 അദ്ധ്യയന വർഷത്തിൽ മുൻവർഷം ഉണ്ടായിരുന്നതിനെക്കാൾ അധികമായി അഡ്മിഷൻ എടുത്ത 1,282 കുട്ടികൾക്കാണ് യൂണിഫോം നൽകാൻ ബാക്കിയുള്ളത്. ഈ കുട്ടികൾക്കുള്ള യൂണിഫോം വിതരണം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ